**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 211** **29-01-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ രാത്രികാല ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം താലൂക്ക് ആസ്ഥാന ആശുപത്രിയിൽ രാത്രികാല ചികിത്സ നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മംഗൽപാടി താലൂക്ക് ആശുപത്രിയിൽ സൂപ്രണ്ട്-1. ജനറൽ മെഡിസിൻ-1, അസിസ്റ്റന്റ് സർജൻ-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-4 എന്നിങ്ങനെ ഡോക്ടർമാരുടെ 9 തസ്തികകളാണ് ഉള്ളത്. ഇതിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ 2ഒഴിവുകളാണ് നിലവിൽ ഉള്ളത്. ഇതിൽ ഒരു ഡോക്ടറെ അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്.<br><br>പി.എസ്.സി അഡ്വൈസ് പ്രകാരം 2 പേരെ മേൽപ്പറഞ്ഞ സി.എം.ഒ തസ്തികയിലെ ഒഴിവുകളിൽ നിയമിച്ചെങ്കിലും പി.ജി പഠനത്തിനായി അവധിയിൽ പോയതിനാൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഈ ഒഴിവുകൾ എൻ.ജെ.ഡി ആയി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സർജന്മാരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ ഈ ഒഴിവുകളിലേക്ക് അടിയന്തിരമായി സ്ഥിര നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br><br>മണ്ഡലത്തിലെ 2 ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഓരോ ഡോക്ടർമാരെ വീതം ജോലി ക്രമീകരണ വ്യവസ്ഥയിൽ ഇവിടേക്ക് നിയമിച്ച് ഉത്തരവായിട്ടുണ്ട്. ജോലിക്രമീകരണ അടിസ്ഥാനത്തിൽ നിയമിച്ച ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുന്ന മുറക്ക് ഈ ആശുപത്രിയിൽ 24 മണിക്കൂർ കാഷ്വാലിറ്റി സേവനം പുനരാരംഭിക്കുന്നതാണ്. കൂടാതെ അഡ്ഹോക്ക് നിയമനത്തിനായി ഇന്റർവ്യൂ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ രാത്രികാല ചികിത്സ നിർത്തി വെക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |
| (സി) | പ്രസ്തുത ആശുപത്രിയിൽ രാത്രികാല ചികിത്സ | (സി) | മറുപടി എ പിരിവിൽ ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ